ഉത്തരം

(എ) കലോൽസവ സംഘാടക സമിതിയിൽ ബഹു. ഗവർണർ, മുഖ്യമന്ത്രി പ്രതിപക്ഷ നേതാവ്, ജില്ലയിലെ മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ, പൗരപ്രമുഖർ, സാംസ്കാരിക നായകന്മാർ, മറ്റ് ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ, അംഗീകൃത അദ്ധ്യാപക സംഘടന നേതാക്കൾ തുടങ്ങി കലോൽസവം നടക്കുന്ന ജില്ലയിലെ പ്രധാനപ്പെട്ട എല്ലാപേരെയും ഉൾപ്പെടുത്താറുണ്ട്.

(ബി) ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങളെ ഒരുമിപ്പിച്ചുകൊണ്ട് സംയുക്തമായി കലോൽസവം നടത്തുന്നതിനുവേണ്ടി സ്കൂൾ കലോൽസവ മാന്വൽ 2008-ൽ പരിഷ്കരിച്ചപ്പോൾ സ്കൂൾ കലോൽസവം അക്കാദമിക് വിഭാഗത്തിൽപ്പെട്ടതാകയാൽ അംഗീകൃത അനദ്ധ്യാപക സംഘടനകൾ സബ്കമ്മിറ്റികളിൽനിന്നും വിട്ടുപോകുകയാണ് ഉണ്ടായത്.

(സി) അംഗീകൃത അനദ്ധ്യാപക സംഘടനാ പ്രതിനിധികളെ അടുത്ത കലോൽസവ മാന്വൽ പരിഷ്കരണ വേളയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

സ്കൂൾ ടീച്ചറായ ശ്രീമതി സജിത എം.പി.യുടെ അപേക്ഷ

53(2961) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽപ്പെട്ട ചിക്കല്ലൂർ ജി.എൽ.പി. സ്കൂൾ ടീച്ചറായ ശ്രീമതി സജിത എം.പിയുടെ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ടീച്ചർക്ക് ശമ്പളം ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ടീച്ചർക്ക് അർഹമായ ശമ്പളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. ചിക്കല്ലൂർ, ജി.എൽ.പി. എസ്സിൽ പി.ടി.എ. നടത്തിവരുന്ന പ്രീ-പ്രൈമറിയിലെ അദ്ധ്യാപികയായ ശ്രീമതി സജിത എം.പി.ക്ക് ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശിച്ച നിശ്ചിതയോഗ്യത ഇല്ലാതിരുന്നതിനാലാണ് ഓണറേറിയം ലഭിക്കാതിരുന്നത്. എന്നാൽ 18-7-2014-ലെ ജി.ഒ. (എം.എസ്) 137/14/ പൊ.വി.വ. പ്രകാരം ജൂലൈ 2014 മുതൽ ഈ അദ്ധ്യാപികയ്ക്ക് ഓണറേറിയം നൽകിവരുന്നുണ്ട്.

ഓപ്പൺ സ്കൂളിലെ ഒന്നാംവർഷ ഹയർസെക്കന്ററി രജിസ്ട്രേഷൻ

54 (2962) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പൺ സ്കൂളിൽ ഒന്നാംവർഷ ഹയർസെക്കന്ററി രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് കരുതുന്നത് ;

(ബി) ഒരു അദ്ധ്യയന വർഷം വിദ്യാർത്ഥികൾക്ക് എത്ര കോൺടാക്ട് ക്ലാസ്സുകൾ നൽകാറുണ്ട് ; പ്രസ്തുത ബാച്ചിന് ഈ വർഷം ഇനി എത്ര ക്ലാസ്സുകൾ നൽകാൻ കഴിയുമെന്നാണ് കരുതുന്നത് ;

(സി) പഠന സഹായികളും മറ്റു സാമഗ്രികളും തയ്യാറാക്കുന്നത് നിലവിൽ ഏതു ഘട്ടത്തിലാണ് ; ഈ പ്രവർത്തനങ്ങൾക്ക് പരിചയസമ്പന്നരായ ഉദ്യോഗസ്ഥന്മാരുടെ അഭാവം അനുഭവപ്പെടുന്നുണ്ടോ ;

(ഡി) സ്വകാര്യ സ്കൂളുകളുടെ ചൂഷണം ഭയന്ന് ഓപ്പൺ സ്കൂളുകളെ ആശ്രയിച്ച് പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലാകുമോ ; ഓപ്പൺ സ്കൂൾ പ്രവർത്തനം ശക്തമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഓപ്പൺ സ്കൂൾ ഒന്നാംവർഷ ഹയർസെക്കന്ററി രജിസ്ട്രേഷൻ പൂർത്തിയായിക്കഴിഞ്ഞു.

(ബി) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ ഓപ്പൺ റഗുലർ വിദ്യാർത്ഥികൾക്ക് മാത്രമാണ് കോൺടാക്ട് ക്ലാസ്സുകൾ നൽകിവരുന്നത്. ഒരു വർഷം ഒരു വിഷയത്തിന് 30 മണിക്കൂർ കോൺടാക്ട് ക്ലാസ്സുകൾ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly